## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3876 — 20-07-2015 -ൽ മറുപടിക്ക്

### മഴക്കാല അപകട സാധ്യതകൾ കുറയ്ക്കുന്നതിന് മുൻകരുതലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ചന്ദ്രൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | പാലക്കാട് ജില്ലയിൽ മഴക്കാല അപകട സാധ്യതകൾ കുറയ്ക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; | എ) | സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം നേരിടുന്നതിലേക്കായി വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും 2.06.2015 തീയതിയിലെ 29426/K1/2015/ഡിഎംഡി കത്ത് പ്രകാരം 29 നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| ബി) | ജില്ലയിൽ ദുരന്തനിവാരണ വകുപ്പിന്റെ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; | ബി) | ജില്ലയിൽ ദുരന്ത നിവാരണ വകുപ്പിന്റെ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലാ അടിയന്തിര പ്രതികരണ കേന്ദ്രം കളക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയും പ്രവർത്തന സജ്ജമാണ്. |
| സി) | ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരും ഉപകരണങ്ങളും ലഭ്യമാണോ; | സി) | ലഭ്യമാണ്. കളക്ടറേറ്റിലുള്ള ജീവനക്കാരെയാണ് ഇതിനായി നിയോഗിച്ച് വരുന്നത്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ അതോറിറ്റി നേരിട്ട് ഉപകരണങ്ങളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫയർ & റസ്ക്യൂ സർവ്വീസിന് 4,26,571/- രൂപ വിലവരുന്ന ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാണ്. |
| ഡി) | രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | ഡി) | ഉണ്ട്. ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ആയത് പ്രകാരം അടിയന്തിര ഘട്ടങ്ങളിൽ ഫയർ & റസ്ക്യൂ സർവ്വീസസ്, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനപരമായ പ്രവർത്തനം ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ